# ഗാർഹിക പീഡന നിയമം: വിശ്വാസ് വെബിനാർ ഇന്ന്

പാലക്കാട്● വിശ്വാസ്, യുവസ്വരാജ്, പാലക്കാട് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി എന്നിവ സംയുക്തമായി 'ഗാർഹിക പീഡന നിയമം, പ്രശ്നങ്ങളും പരിഹാര മാർഗങ്ങളും' എന്ന വിഷയത്തിൽ വെബിനാർ നടത്തും.

സ്ത്രീധന, ഗാർഹിക പീഡനത്തിന് ഇരകളായവരെ കണ്ടെത്തി ആവശ്യമായ നിയമസഹായം നൽകാൻ സന്നദ്ധ സേവകരെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായാണു വെബിനാർ. ഇന്ന് 11ന് നടത്തുന്ന പരിപാടി പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ ഉദ്ഘാടനം ചെയ്യും. ജില്ലാ കലക്ടറും, വിശ്വാസ് പ്രസിഡന്റുമായ മൃൺമയി ജോഷി ശശാങ്ക് അധ്യക്ഷയാകും.

പാലക്കാട് ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും, സബ് ജഡ്ജുമായ വി.ജി. അനുപമ, വിശ്വാസ് നിയമ വേദി കൺവീനർ അഡ്വ. കെ.വിജയ, ജില്ലാ വനിതാ ശിശുക്ഷേമ വികസന ഓഫിസർ പി.മീര, ജില്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫിസർ ലൈജു, സീനിയർ പ്രോസിക്യൂട്ടറും, വിശ്വാസ് സെക്രട്ടറിയുമായ പി. പ്രേംനാഥ്, യുവസ്വരാജ് ജില്ലാ പ്രസിഡന്റ് ഇക്ബാൽ കുനിശ്ശേരി, സെക്രട്ടറി ഉദയൻ വെമ്പല്ലൂർ എന്നിവർ ക്ലാസെടുക്കും. വിശ്വാസ് പാലക്കാട് (Viswas Palakkad) എന്ന ഫെയ്സ്ബുക് അക്കൗണ്ടിലൂടെ പങ്കെടുക്കാം.

മനോരമ